"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ കൂത്തുപറമ്പ് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ.എ.കെ.വിജയനെതിരെയുള്ള അച്ചടക്ക നടപടി - കെ എസ് ആർ പാർട്ട് III ചട്ടം III- പുനരന്വേഷണത്തിനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.106/2025/AGRIതീയതി,തിരുവനന്തപുരം, 12-02-2025

---

പരാമർശം:-

1. 18/04/2022-ലെ കൃഷി-ഇ എ3/31/2021-കൃഷി നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 24/06/2022, 04/05/2024, 25/07/2024 എന്നീ തീയതികളിലെ ADFW-6647/2021-SVC (2) നമ്പർ കത്ത്.
3. 11/04/2024 എന്നീ തീയതികളിലെ കൃഷി-ഇ എ3/31/2021-കൃഷി നമ്പർ കത്ത്.
4. 24/06/2024-ലെ ശ്രീ എ കെ വിജയന്റെ പ്രതിവാദ പത്രിക.

**<u>ഉത്തരവ്</u>**

കണ്ണൂർ കൂത്തുപറമ്പ് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിജിലൻസ് ഓഫീസർ 28.06.2019-ന് കൂത്തുപറമ്പ് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം സന്ദർശിക്കുകയും

രേഖകൾ പരിശോധിക്കുകയും തദവസരത്തിൽ കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ.എ.കെ.വിജയനെ കേൾക്കുകയും ചെയ്തുവെന്നും, ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നെന്നും, അതിൻപ്രകാരം ലഭിച്ച റിപ്പോർട്ടിൽ നിന്നും സർവ്വീസിൽ നിന്നും 31/05/2020-ന് വിരമിച്ച ശ്രീ.എ.കെ.വിജയൻ കൂത്തുപറമ്പ് കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന കാലഘട്ടത്തിൽ 28/11/2012 മുതൽ 16/05/2018 വരെയുള്ള തന്റെ കാലയളവിൽ 44 കണ്ടിജന്റ് ബില്ലുകൾ മുൻകൂറായി മാറിയെങ്കിലും ഇവ ക്രമീകരിയ്ക്കുന്നതിൽ കാലതാമസം വരുത്തുകയുൾപ്പെടെ നിരവധി വീഴ്ച്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് പ്രഥമ ദൃഷ്ട്യാ ബോദ്ധ്യമാവുകയുണ്ടായതിന്റെ അടിസ്ഥാനത്തിൽ മുൻകൂർ ബില്ലുകൾ ക്രമീകരിക്കാതിരുന്നതിന്റെ പേരിൽ ശ്രീ എ.കെ.വിജയനെതിരെ 4,52,793/- (നാല് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപാ മാത്രം) രൂപയുടെ ബാധ്യത നിശ്ചയിച്ച് നൽകിയിട്ടുള്ളതിനാൽ കേരള സേവന ചട്ടങ്ങൾ ഭാഗം 3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ എ.കെ.വിജയന് 18/04/2022ന് കാരണം കാണിയ്ക്കൽ നോട്ടീസ് നല്കിയെങ്കിലും ടിയാൾക്ക് കാരണം കാണിയ്ക്കൽ നോട്ടീസ് നല്കിയിട്ടില്ലായെന്ന് പരാമർശം (2) പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് കാരണം കാണിയ്ക്കൽ നോട്ടീസ് ടിയാന് നല്കുവാൻ പരാമർശം (3) പ്രകാരം നിർദ്ദേശം നല്കുകയുണ്ടായി.

2. 19/06/2024-ന് ശ്രീ.എ.കെ.വിജയൻ കൈപ്പറ്റിയ കാരണം കാണിയ്ക്കൽ നോട്ടീസിന് പരാമർശം (4) പ്രകാരം ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയും ആയതിന് പരാമർശം (2) പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായവും ധനകാര്യ പരിശോധനാ (സാങ്കേതികേതര-ഇ) വകുപ്പ് കൂത്തുപറമ്പ് കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ 25/05/2017, 26/05/2017 തീയതികളിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ടിലെ ശിപാർശകൾ, 20/08/1992 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.506/92/ധന, 25/11/98-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 2981/98/ധന, 30/08/2008-ലെ

**56/08**/ധന നമ്പർ പരിപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ, സർക്കാർ വിശദമായി പരിശോധിച്ചു.

**3.** **01.09.1987** മുതൽ **31.05.2020** വരെ നീണ്ട **31** വർഷക്കാലം സേവന പാരമ്പര്യമുള്ള ശ്രീ എ.കെ.വിജയൻ തന്റെ സേവന കാലയളവിലെ കണക്കു പരിശോധനാ റിപ്പോർട്ടുകൾ താൻ സേവനമനുഷ്ഠിച്ച ഓഫീസിൽ തന്നെ ഉണ്ടായിരുന്നിട്ടും ആയതിന് സമയ ബന്ധിതമായി മറുപടി നൽകാതിരുന്നതും, **01.04.2014** മുതൽ **31.05.2018** വരെയുള്ള കാലയളവിൽ, കൂത്തു പറമ്പ് കൃഷി ഡയറക്ടർ ഓഫീസിൽ മാത്രം സേവനമനുഷ്ഠിച്ചിരുന്ന വിവിധ സർക്കാർ പദ്ധതികൾ പ്രകാരം കർഷകർക്ക്/ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള ലക്ഷക്കണക്കിന് രൂപയ്ക്കുള്ള തുകകൾ യഥാസമയം വിതരണം ചെയ്യാതെ വിവിധ ദേശസാൽകൃത/പൊതുമേഖലാ/സ്വകാര്യ ബാങ്കുകളിൽ സർക്കാർ സർക്കുലർ നമ്പർ **6/96**/ധന തീയതി **22.01.1996** ന് വിരുദ്ധമായി സൂക്ഷിക്കുകയും, ബൃഹത്തായ ഓഡിറ്റ് പരാമർശങ്ങൾക്കിടയാകും തരത്തിൽ മുൻകൂറായി മാറിയ ബില്ലുകൾ യഥാസമയം ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തുകയും ചില ബില്ലുകളിലെ തുകകൾ ഭാഗികമായി ചെലവഴിച്ചും, മറ്റ് ചിലതിൽ പൂർണ്ണമായി ചെലവഴിക്കാതിരുന്നതുമായ ആരോപണങ്ങൾ സർക്കാർ പരിശോധിച്ചു.

4. പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനായി കണ്ടിജെന്റ് ബില്ലുകൾ മുഖേന മാറിയെടുത്തതും സർക്കാർ ഖജനാവിൽ ഉണ്ടായിരിക്കേണ്ടതുമായ തുകകൾ പിൻവലിച്ച് വിനിയോഗിക്കാതെ തിരികെ ഒടുക്കിയതായും വ്യക്തമാകുകയുണ്ടായി. **01/04/2014** മുതൽ **31/05/2018** വരെയും കൂത്തു പറമ്പ് കൃഷി ഡയറക്ടർ ഓഫീസിൽ മാത്രം സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എ.കെ.വിജയൻ വിരമിക്കുന്ന **31/05/2020** വരെയുള്ള ദീർഘമായ കാലയളവിലെ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിലേക്ക് തക്കതായ ആധികാരിക രേഖകളോ മറ്റു തെളിവുകളോ ലഭ്യമായിട്ടില്ലാത്തതും ടിയാന്റെ പേരിൽ ഇനിയും തടസ്സവാദം മാറിയിട്ടില്ലാത്ത ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തമായ മറുപടികൾ നാളിതുവരെയും സമർപ്പിക്കുവാൻ ടിയാന് കഴിഞ്ഞിട്ടില്ലാത്തതും കണ്ണൂർ പ്രിൻസിപ്പൽ കൃഷി

ഓഫീസറുടെ ആഭ്യന്തര കണക്ക് പരിശോധനകളുടെ റിപ്പോർട്ടുകൾ സുതാര്യമല്ലാത്തതായും കണ്ടതിനാൽ ആഡിറ്റ് വസ്തുതകളിൽ ഒരു പുനഃപരിശോധന നടത്തേണ്ടതുണ്ടെന്നു ബോധ്യമാകുകയുണ്ടായി.

5. ശ്രീ.എ.കെ വിജയൻ കൂത്തുപറമ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ ഔദ്യോഗിക ചുമതല വഹിച്ച കാലയളവിലെ ഇനിയും ക്രമീകരിച്ചിട്ടില്ലാത്ത മുൻകൂർ കണ്ടിജെന്റ് ബില്ലുകളുടെ വിശദാംശവും ഇനിയും അവശേഷിയ്ക്കുന്ന 4, 5 തടസ്സവാദങ്ങൾ, കണ്ടിജെന്റ് ബില്ലുകൾ മുഖേന മാറിയ തുകകൾ, സർക്കാർ ഖജനാവിൽ ഉണ്ടായിരിക്കേണ്ട തുകകൾ എന്നിവ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി പിൻവലിച്ച് വിനിയോഗിക്കാതെ 1,26,150/- രൂപ തിരികെ ഒടുക്കി ക്രമീകരിച്ചതായവ, കൂടാതെ നാളിതുവരെ തീർപ്പാക്കിയിട്ടില്ലാത്തതുമായ (കൂത്തുപറമ്പ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ) എല്ലാ ആഡിറ്റ് തടസ്സവാദങ്ങളും, ക്രമക്കേടുകളുമുൾപ്പെടെ പരിശോധിക്കുന്നതിന് കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ തോമസ് സാമുവലിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ ഉദ്യോഗസ്ഥന് കൃഷി വകുപ്പിലെ ആഡിറ്റ്/വിജിലൻസ് വിഭാഗത്തിലെ (മേൽ അന്വേഷണത്തിൽ പങ്കാളിയായിട്ടില്ലാത്ത) ഒരു ഉദ്യോഗസ്ഥന്റെ സേവനം പ്രയോജനപ്പെടുത്തുവാനും അനുമതി നല്കി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് ഒരു മാസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജാഫർഖാൻ.എസ്

അഡിഷണൽ സെക്രട്ടറി

പകർപ്പ്:

ശ്രീ തോമസ് സാമുവൽ, അഡീഷണൽ ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (Vide Judgement dated 07/12/2024 in OA (EKM) 842/2021)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,

തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമവകുപ്പ്,

തിരുവനന്തപുരം

ശ്രീ.എ.കെ വിജയൻ (കൃഷി ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ സഞ്ചയം/ഓഫീസ് കോപ്പി (കൃഷി-ഇ എ3/31/2021)

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 13-02-2025 14:30:34
സെക്ഷൻ ഓഫീസർ